പരമകാരുണികനും ഏറ്റവും ദയാപരനുമായ അല്ലാഹുവിന്റെ നാമത്തിൽ

# പ്രവാചകനായ മുഹമ്മദ് നബിയുടെ മാവ്‌ലിദ് (പിറന്നാൾ വാർഷികം)

പരമകാരുണികനും ദയാപരനും മാനവകുലത്തിനായി ലോകത്തിലേക്ക് ദൈവദൂതനെ അയച്ചവനുമായ അല്ലാഹുവിന് എല്ലാ ആരാധനയും. അല്ലാഹുവല്ലാതെ ആരാധനയ്ക്ക് യോഗ്യൻ മറ്റാരുമില്ലെന്നതിന് സാക്ഷ്യം വഹിക്കുന്നു. അല്ലാഹുവിന്റെ സന്ദേശവാഹകനാണ് മുഹമ്മദ് നബിയെന്നതിനും ഞാൻ സാക്ഷ്യം വഹിക്കുന്നു. ആരാധ്യമായ സ്ഥാനത്തേക്ക് നബിയെ അല്ലാഹു ഉയർത്തി, അവന് നദീതടപ്രദേശം വാഗ്ദാനം ചെയ്തു. ഏറെക്കാലമായി പ്രവാചകർ ഇല്ലാതിരിക്കുകയും പല വർഷങ്ങളോളം വെളിപാടുകൾ ഉണ്ടാവാതിരിക്കുകയും ചെയ്തപ്പോഴാണ് മുഹമ്മദ് നബിയെ അല്ലാഹു നിയോഗിച്ചത്. അല്ലാഹുവിന്റെ സന്ദേശം നബി തിരുമേനി ജനങ്ങളെ അറിയിച്ചു, തന്റെ രാജ്യത്തെ വ്യക്തവും ഉറച്ചതുമായ വാദമുഖങ്ങളിലേക്ക് നയിക്കുകയും ചെയ്തു. മുഹമ്മദ് നബിയിലും മുഴങ്കാൽ മടക്കി നമിക്കുകയും സാഷ്ടാംഗം പ്രണമിക്കുകയും അല്ലാഹുവിന്റെ ഉടമ്പടികൾ നിറവേറ്റുകയും ചെയ്ത അനുയായികളിലും അവരെ പിന്തുണർന്നവരിലും, ഉയിർത്തെഴുന്നേൽപ്പിന്റെ നാൾ വരെ അല്ലാഹു സമാധാനവും ബഹുമതിയും ചൊരിയട്ടെ.

അല്ലാഹുവിന്റെ ദാസരേ, അല്ലാഹുവിനെ ഭയപ്പെടുക, [നിങ്ങളൊന്നിച്ച് അല്ലാഹുവിന്റെ കയറിൽ മുറുകെപിടിക്കുക. നിങ്ങൾ ഭിന്നിച്ച് പോകരുത്. നിങ്ങൾ അന്യോന്യം ശത്രുക്കളായിരുന്നപ്പോൾ നിങ്ങൾക്ക് അല്ലാഹു ചെയ്ത അനുഗ്രഹം ഓർക്കുകയും ചെയ്യുക. അവൻ നിങ്ങളുടെ മനസ്സുകൾ തമ്മിൽ കൂട്ടിയിണക്കി. അങ്ങനെ അവന്റെ അനുഗ്രഹത്താൽ നിങ്ങൾ സഹോദരങ്ങളായിത്തീർന്നു] (സൂറത്ത് ആലു ഇംറാൻ 103). പ്രിയ മുസ്ലീങ്ങളെ, മനസ്സിലാക്കുക, വികാരങ്ങളാലും കക്ഷിപക്ഷപാതത്തിനാലും നയിക്കപ്പെട്ടവരും ജീവിതത്തിന്റെ ആഗ്രഹങ്ങളാൽ പ്രലോഭിക്കപ്പെട്ടവരുമായ, അജ്ഞരായ ജനങ്ങളുടെ പക്കലേക്കാണ് തന്റെ പ്രവാചകനെ അല്ലാഹു അയച്ചത്. സത്യം മനസ്സിലാക്കാൻ പറ്റാത്ത അവസ്ഥയിലായിരുന്നു അവർ. സർവ്വശക്തനായ അല്ലാഹു പറയുന്നു, [നിങ്ങൾ അഗ്നികുണ്ഡത്തിന്റെ വക്കിലായിരുന്നു. എന്നിട്ടതിൽ നിന്ന് നിങ്ങളെ അവൻ രക്ഷപ്പെടുത്തി.] പ്രവാചക ദൗത്യം പുതിയൊരു യുഗം ഉണ്ടാക്കി, വികലമല്ലാത്ത പാതയിലേക്ക് നബി തിരുമേനി ജനങ്ങളെ നയിച്ചു, തെറ്റുകളിൽ നിന്നും തെറ്റായ മാർഗ്ഗനിർദ്ദേശത്തിൽ നിന്നും അവരെ രക്ഷിച്ചു. [വേദക്കാരേ, വേദഗ്രന്ഥത്തിൽ നിന്ന് നിങ്ങൾ മറച്ച് വെച്ചുകൊണ്ടിരുന്ന പലതും നിങ്ങൾക്ക് വെളിപ്പെടുത്തിത്തന്നുകൊണ്ട് നമ്മുടെ ദൂതൻ (ഇതാ) നിങ്ങളുടെ അടുത്ത് വന്നിരിക്കുന്നു. പലതും അദ്ദേഹം മാപ്പാക്കുകയും ചെയ്യുന്നു. നിങ്ങൾക്കിതാ അല്ലാഹുവിങ്കൽ നിന്ന് ഒരു പ്രകാശവും വ്യക്തമായ ഒരു ഗ്രന്ഥവും വന്നിരിക്കുന്നു. അല്ലാഹു തന്റെ പൊരുത്തം തേടിയവരെ അത് മുഖേന സമാധാനത്തിന്റെ വഴികളിലേക്ക് നയിക്കുന്നു. തന്റെ ഉത്തരവ് മുഖേന അവരെ അന്ധകാരങ്ങളിൽ നിന്ന് അവൻ

പ്രകാശത്തിലേക്ക് കൊണ്ടുവരുകയും, നേരായ പാതയിലേക്ക് അവരെ നയിക്കുകയും ചെയ്യുന്നു.]

തന്റെ പ്രവാചകനെ അല്ലാഹു തിരഞ്ഞെടുക്കുകയും നിയമിക്കുകയും ചെയ്തു. [തീർച്ചയായും നീ മഹത്തായ സ്വഭാവത്തിലാകുന്നു] (സൂറത്ത് അൽ ഖലം 04) എന്നാണ് നബി തിരുമേനിയെ കുറിച്ച് അല്ലാഹു പ്രശംസിച്ചത്. തനിക്ക് മുമ്പേ ഭൂമിയിൽ വന്ന പ്രവാചകരെയും ദൈവദൂതരെയും നബി തിരുമേനി പിന്തുടർന്നു, അല്ലാഹുവിന്റെ ആജ്ഞകളോടുള്ള പ്രതികരണത്തിൽ അവരുടെ രീതികൾ തന്നെ നബി തിരുമേനി അനുഗമിച്ചു. നബിയോട് അല്ലാഹു കൽപ്പിച്ചു, [അവരെയാണ് അല്ലാഹു നേർവഴിയിലാക്കിയിട്ടുള്ളത്. അതിനാൽ അവരുടെ നേർമാർഗത്തെ നീ പിന്തുടർന്ന് കൊള്ളുക] (സൂറത്ത് അൽ അൻആം 90).

((നല്ല രീതികളെ കൂടുതൽ മികച്ചതാക്കാനാണ് എന്നെ അയച്ചിരിക്കുന്നത്)) എന്ന വാചകത്തിൽ തന്റെ ദൗത്യവും ഉദ്ദേശ്യവും നബി തിരുമേനി സംഗ്രഹിച്ചിട്ടുണ്ട്.

അല്ലാഹുവിന്റെ ദാസരേ!

നബി തിരുമേനിയുടെ സ്വഭാവവിശേഷതകൾ വിശകലനം ചെയ്തവരും നബിയുടെ ജീവിതത്തിന്റെ വ്യത്യസ്ത ഘട്ടങ്ങൾ പഠിച്ചവരും നബിയുടെ ധർമ്മനിഷ്ഠകളെ കുറിച്ച് വിചിന്തനം ചെയ്തവരും സാക്ഷ്യപ്പെടുത്തുന്നത്, മാനുഷികതയോട് മഹത്തായ കൃതജ്ഞതയോടെയും ബഹുമാനത്തോടെയും ജനങ്ങൾ സമാധാനത്തിലും സൗഹാർദ്ദത്തിലും ജീവിക്കുന്നതിന് വേണ്ടി, നബി തിരുമേനി എല്ലാം ശരിയായ സ്ഥാനങ്ങളിൽ പ്രതിഷ്ഠിച്ചുവെന്നും ശരികളുടെ പ്രതിഫലം അവയുടെ യഥാർത്ഥ ഉടമകൾക്ക് ലഭിക്കുന്നതിന് ആജ്ഞാപിച്ചുവെന്നും ആണ്. അതിനാൽ അഹങ്കാരത്തിനോ ആധിപത്യ മനോഭാവത്തിനോ അശ്ലീലമായ അല്ലെങ്കിൽ അപമാനകരമായ ഭാഷയ്ക്കോ സ്ഥാനമില്ല. സത്യത്തിൽ, ഇത് ആകാശത്തിന്റെ ബോധനങ്ങളല്ല. നബി തിരുമേനി പറയുന്നു: ((നിങ്ങൾ വിനയാന്വിതരാകണമെന്ന് അല്ലാഹു എനിക്ക് വെളിപ്പെടുത്തിത്തന്നു, അങ്ങനെയെങ്കിൽ ആരും മറ്റുള്ളവരുടെ മേൽ ആധിപത്യം ചെലുത്തില്ല, മറ്റുള്ളവരേക്കാൾ താനാണ് വലുതെന്ന് ആരും പൊങ്ങച്ചം പറയുകയുമില്ല)). അനുയായികളിൽ ചിലർ മറ്റ് അനുയായികളെ കുറിച്ച് കുറ്റം പറഞ്ഞപ്പോഴെല്ലാം നബി എതിർത്തിരുന്നു, ആ സ്വഭാവത്തെ വെറുത്തിരുന്നു. അവൻ പറഞ്ഞു, (സുതാര്യമായ ഹൃദയത്തോടെ നിങ്ങളെ കാണാനാണ് ഞാൻ ആഗ്രഹിക്കുന്നത്). മനോഹരമായ രീതിയിലാണ് പ്രവാചകൻ ജീവിച്ചിരുന്നത്, മറ്റുള്ളവർക്ക് മുന്നിൽ എപ്പോഴും അവൻ പ്രസാദവാനായി കാണപ്പെട്ടു. കണ്ടുമുട്ടുന്ന എല്ലാവരെയും അഭിവാദ്യം ചെയ്യാൻ നബി ഉത്സാഹം കാണിച്ചു, പരിചയപ്പെട്ട എല്ലാവരെയും അവൻ ബഹുമാനിച്ചു, ആളുകളെ അവരുടെ ഏറ്റവും നല്ല പേര് ചൊല്ലിയാണ് നബി തിരുമേനി വിളിച്ചിരുന്നത്. അവനെതിരെ വിമർശനമുയർത്തിയവരോട് ഇങ്ങനെ പറയാൻ അല്ലാഹു അവനോട് ആജ്ഞാപിച്ചു, [അല്ലാഹു അവതരിപ്പിച്ച ഏത് ഗ്രന്ഥത്തിലും ഞാൻ വിശ്വസിച്ചിരിക്കുന്നു. നിങ്ങൾക്കിടയിൽ നീതിപുലർത്തുവാൻ ഞാൻ കൽപിക്കപ്പെടുകയും ചെയ്തിരിക്കുന്നു. അല്ലാഹുവാകുന്നു ഞങ്ങളുടെ രക്ഷിതാവും നിങ്ങളുടെ രക്ഷിതാവും. ഞങ്ങൾക്കുള്ളത് ഞങ്ങളുടെ കർമ്മങ്ങളും നിങ്ങൾക്കുള്ളത് നിങ്ങളുടെ കർമ്മങ്ങളും. ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ യാതൊരു തർക്കപ്രശ്നവുമില്ല. അല്ലാഹു നമ്മെ തമ്മിൽ ഒരുമിച്ചുകൂട്ടും. അവങ്കലേക്കാകുന്നു ചെന്നെത്താനുള്ളത്] (സൂറത്ത് അൽ ശൂറാ 15).

ഗോത്രവർഗ്ഗക്കാർ അവന്റെ ആഹ്വാനങ്ങളെ അവഗണിക്കുകയും അവന്റെ സന്ദേശങ്ങൾ തിരസ്കരിക്കുകയും ചെയ്തപ്പോൾ ഇങ്ങനെ പറയാൻ നബി തിരുമേനിയോട് അല്ലാഹു കൽപ്പിച്ചു, [(നബിയേ), പറയുക: അല്ലാഹുവിന്റെ കാര്യത്തിൽ നിങ്ങൾ ഞങ്ങളോട്

തർക്കിക്കുകയാണോ? അവൻ ഞങ്ങളുടെയും നിങ്ങളുടെയും രക്ഷിതാവാണല്ലോ? ഞങ്ങൾക്കുള്ളത് ഞങ്ങളുടെ കർമ്മഫലങ്ങളാണ്. നിങ്ങൾക്കുള്ളത് നിങ്ങളുടെ കർമ്മഫലങ്ങളും. ഞങ്ങൾ അവനോട് ആത്മാർത്ഥത പുലർത്തുന്നവരുമാകുന്നു] (സൂറത്ത് അൽ ബഖറ 139).

(ജനങ്ങളോട്) നബി തിരുമേനി ദയാദാക്ഷിണ്യം കാണിച്ചിരുന്നു; ഒരിക്കലും അവരോട് കടുത്ത രീതിയിൽ പെരുമാറിയില്ല; (ഈ ലോകത്തിലും പരലോകത്തിലും അല്ലാഹു ചൊരിയുന്ന അനുഗ്രഹങ്ങളെ കുറിച്ചുള്ള) നല്ല വാർത്തകൾ അവനവർക്ക് നൽകി; ഒരിക്കലും നീരസം പ്രകടിപ്പിച്ചില്ല. ഈ വിഷയങ്ങളിൽ തന്നെ അനുഗമിക്കണമെന്ന് അനുയായികളെ അവൻ ഉപദേശിച്ചിരുന്നു. അതിനാൽ, അനുയായികളിൽ ചിലരോട് നബി തിരുമേനി പറഞ്ഞു, (ആളുകൾക്ക് ബുദ്ധിമുട്ടും തടസ്സവും ഉണ്ടാക്കുന്നതിന് പകരമായി എല്ലാം സുഗമമാക്കുക, ആളുകളെ ഭയപ്പെടുത്തുകയും പിന്തിരിപ്പിക്കുകയും ചെയ്യാതെ അവർക്ക് നല്ല വാർത്തകൾ നൽകുക). അസ്മ ബിൻ അബൂബക്കറുടെ മാതാവ് മുസ്ലീം അല്ലായിരുന്നു. എന്നിട്ടും അവരെ സൽക്കരിക്കണമെന്നാണ് നബി തിരുമേനി ഉപദേശിച്ചത്. അസ്മ ഇങ്ങനെ രേഖപ്പെടുത്തുന്നു: 'എനിക്കെന്റെ അമ്മയെ കാണുകയും അവർക്കൊപ്പം കഴിയുകയും ചെയ്യാമോ' എന്ന് ഞാൻ നബിയോട് ചോദിച്ചു. പ്രവാചകൻ എന്നോട് പറഞ്ഞു, "തീർച്ചയായും. നീയവരുടെ ആതിഥേയനാകണം".

സത്യത്തിൽ, വ്യത്യസ്ത വിശ്വാസങ്ങൾ പിൻപറ്റുന്നവരിലും ഗോത്രങ്ങളിലും പ്രവാചകന്റെ കാരുണ്യമുണ്ട്. അവന്റെ രീതി മധ്യമാർഗ്ഗവും ആകർഷകവുമായിരുന്നു, അവന്റെ ദയാവായ്പുകളാവട്ടെ, ഉള്ളിൽ അന്തർലീനമായ സ്വഭാവത്തിന്റെ പ്രതിഫലനവുമായിരുന്നു. ജനങ്ങളുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന വിലങ്ങുകളും അവൻ നീക്കംചെയ്തു, അതിനാൽ മഹത്വത്തിന്റെ ഉടമയായ അല്ലാഹുവിനെ ആരാധിക്കുന്നതിൽ അവർക്ക് ആനന്ദം അനുഭവപ്പെട്ടു. ഇങ്ങനെ പറഞ്ഞുകൊണ്ടാണ് പ്രവാചകനെ അല്ലാഹു വിവരിക്കുന്നത്, [പ്രവാചകനായ ദൈവദൂതനെ പിൻപറ്റുന്നവരോട് അദ്ദേഹം സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കൾ അവർക്ക് അനുവദനീയമാക്കുകയും, ചീത്ത വസ്തുക്കൾ അവരുടെ മേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അവരുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കിവെക്കുകയും ചെയ്യുന്നു. അപ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ പിന്തുണക്കുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ടിട്ടുള്ള ആ പ്രകാശത്തെ പിൻപറ്റുകയും ചെയ്തവരാരോ, അവർ തന്നെയാണ് വിജയികൾ] (സൂറത്ത് അൽ അഅ്റാഫ് 157).

വിശ്വാസത്തിൽ സഹോദരരേ!

തന്റെ അനുയായികൾക്ക് അല്ലാഹു മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. അവൻ ധൈര്യപൂർവ്വം ഉത്തരവാദിത്തം ഏറ്റെടുത്തു, വിപത്തുകളെയും ദുര്യോഗങ്ങളെയും ക്ഷമാപൂർവ്വം അഭിമുഖീകരിച്ചു. അല്ലാഹുവിനാൽ അയയ്ക്കപ്പെട്ടു എന്നതിന് ഉപരിയായി, കഠിന പ്രയത്നം ചെയ്യുന്ന ഒരു ദയയുള്ള മനുഷ്യനായിരുന്നു നബി, സ്വന്തം കൈകൾ കൊണ്ട് അധ്വാനിച്ചതിന്റെ ഫലമാണ് അവൻ ഭക്ഷിച്ചത്. നന്നായി അധ്വാനിക്കാൻ ജനങ്ങളെ അവൻ പ്രോത്സാഹിപ്പിച്ചു, അധ്വാനത്തെ കുറിച്ച് നബി തിരുമേനി ഇങ്ങനെയാണ് പറഞ്ഞത്, (നിങ്ങൾക്ക് ഗുണകരമാവുന്നത് ചെയ്യുക, അല്ലാഹുവിന്റെ സഹായം അഭ്യർത്ഥിക്കുക, നിസ്സാഹായരാണെന്ന് ഒരിക്കലും നിങ്ങൾ കരുതരുത്." എന്തെങ്കിലും നിങ്ങൾക്ക് സംഭവിക്കുകയാണെങ്കിൽ ഇങ്ങനെ പയരുത്: 'ഞാൻ (അത്തരമെങ്കിലും) ചെയ്തിരുന്നുവെങ്കിൽ, ഇങ്ങനെ സംഭവിച്ചതിന് അർത്ഥമുണ്ടാകുമായിരുന്നു'. പകരം ഇങ്ങനെ പറയുക, 'അല്ലാഹു തീരുമാനിച്ചിരിക്കുന്നു,

അവന്റെ തീരുമാനം അവൻ നടപ്പാക്കും'. മുമ്പ് പറഞ്ഞ രീതിയിൽ ചിന്തിക്കുന്നതിലൂടെ നിങ്ങൾ ചെകുത്താന് വാതിൽ തുറന്ന് കൊടുക്കുകയാണ്.)

തന്റെ പ്രാത്ഥനയിൽ നബി തിരുമേനി എല്ലായ്പ്പോഴും ഇങ്ങനെ കൂട്ടിച്ചേർത്തിരുന്നു, (അല്ലാഹുവേ, ശേഷിയില്ലായ്മ, മടി, പിശുക്ക്, ഭീരുത്വം എന്നിവയിൽ നിന്ന് ഞാൻ നിന്നിൽ അഭയം തേടുന്നു). അതുകൊണ്ടാണ് നബി തിരുമേനിക്ക് ഒരിക്കലും ശേഷിയില്ലായ്മയോ മടിയോ ഭീരുത്വമോ പിശുക്കോ ഇല്ലാതിരുന്നത്. നബി തിരുമേനി കച്ചവടം ചെയ്തു, കാലികളെ മേയ്ച്ചു, ഇതവനെ ദുർബലരിൽ ദയവുണ്ടാകുന്നതിനും രോഗികളോട് സഹാനുഭൂതി ഉണ്ടാകുന്നതിനും പാവപ്പെട്ടവരോടും അനാഥരോടും കരുണകാട്ടുന്നതിനും സഹായിച്ചു. നബി തിരുമേനി ഇങ്ങനെ പറഞ്ഞു, (അധികമായി ഒരു സവാരിക്കുതിര ഉള്ളവൻ, സവാരിക്കുതിരെ ഇല്ലാത്തവന് തനിക്ക് അധികമായുള്ളത് നൽകട്ടെ, അധികമായി സാധനസാമഗ്രികൾ ഉള്ളവൻ ഇല്ലാത്തവന് തന്റെ പക്കൽ മിച്ചമുള്ളത് നൽകട്ടെ).

അല്ലാഹുവിന്റെ ദാസരേ, അല്ലാഹുവിനെ ഭയക്കുക, നബി തിരുമേനിയുടെ മാതൃകയിൽ നിന്ന് മാർഗ്ഗനിർദ്ദേശം കണ്ടെത്താനും, അവന്റെ സമീപനവും രീതികളും പിന്തുടരാനും നവീകരണം സംഭവിച്ച രീതിയിൽ അവനെ സ്നേഹിക്കാനും അനുസരിക്കാനും നബി തിരുമേനിയുടെ പിറന്നാൾ വാർഷികം കാരണമാകട്ടെ, അങ്ങനെ അല്ലാഹുവിന്റെ ദയാവായ്പ് നിങ്ങളെ വലയം ചെയ്യട്ടെ, അല്ലാഹു നിങ്ങളെ സ്വർഗ്ഗത്തിലേക്ക് പ്രവേശിപ്പിക്കട്ടെ.

എനിക്കും നിങ്ങൾക്കും ലോകത്തിലെ മറ്റ് മുസ്ലീങ്ങൾക്കും വേണ്ടി അല്ലാഹുവിൽ നിന്ന് ഞാൻ മാപ്പപേക്ഷിക്കുന്നു. മാപ്പുനൽകുന്നവനും ദയാപരനുമാണ് അല്ലാഹു. മാപ്പപേക്ഷിക്കുന്ന നിങ്ങളോട് അവൻ പ്രതികരിക്കും. മാപ്പ് അപേക്ഷിക്കുന്നവരെ അവനൊരിക്കലും കൈവിടില്ല, ദയാനിധിയാണ് അവൻ.

**********************************

[തീർച്ചയായും അല്ലാഹു നിങ്ങൾക്ക് ഒരു ഉൽബോധകനെ അഥവാ അല്ലാഹുവിന്റെ വ്യക്തമായ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് ഓതികേൾപ്പിച്ചു തരുന്ന ഒരു ദൂതനെ നിങ്ങളുടെ അടുത്തേക്കിറക്കിത്തന്നിരിക്കുന്നു; വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെ അന്ധകാരങ്ങളിൽ നിന്ന് പ്രകാശത്തിലേക്ക് ആനയിക്കുവാൻ വേണ്ടി] (സൂറത്ത് അൽ ത്വലാഖ് 10-11) എന്ന് ഖുറാനിലൂടെ നമ്മോട് പറഞ്ഞ അല്ലാഹുവിൽ എല്ലാ സ്തുതിയും ചേരട്ടെ.

മാനവകുലത്തിന് കരുണയും മാർഗ്ഗനിർദ്ദേശവും കൊണ്ടുവന്ന പ്രവാചകന്റെയും അവന്റെ കുടുംബത്തിന്റെയും അനുയായികളുടെയും മേൽ അന്തിമ വിധി ദിവസം വരെ അല്ലാഹു അനുഗ്രഹം ചൊരിയട്ടെ.

അല്ലാഹുവിന്റെ ദാസരേ!

കിഴക്കും പടിഞ്ഞാറുമുള്ള ഓരോ മുസ്ലീമിന്റെയും ഹൃദയത്തിൽ റബി അൽ-അവ്വൽ വർഷത്തിന്റെ ആദ്യ മാസത്തിന് വളരെ വലിയ സ്ഥാനമാണുള്ളത്, കാരണം മാനവകുലത്തിലെ ഉത്തമനും പ്രവാചകരുടെയും സന്ദേശവാഹകരുടെയും മുദ്രയുമായ നബി തിരുമേനിയുടെ ജനനത്തിന്റെ വാർഷം ആഘോഷിക്കപ്പെടുന്ന മാസമാണിത്. പ്രപഞ്ചത്തെ ഉജ്ജ്വലിപ്പിച്ച പ്രകാശമായിരുന്നു നബി തിരുമേനിയുടെ ജനനം, അവന്റെ ജീവ ചരിത്രമാകട്ടെ ലോകത്തിന്

വിളക്കായും കാരുണ്യമായും വർത്തിക്കുന്നു. സർവ്വശക്തനായ അല്ലാഹു പറയുന്നു [നബിയേ, തീർച്ചയായും നിന്നെ നാം ഒരു സാക്ഷിയും സന്തോഷവാർത്ത അറിയിക്കുന്നവനും, താക്കീതുകാരനും ആയിക്കൊണ്ട് നിയോഗിച്ചിരിക്കുന്നു. അല്ലാഹുവിന്റെ ഉത്തരവനുസരിച്ച് അവങ്കലേക്ക് ക്ഷണിക്കുന്നവനും, പ്രകാശം നൽകുന്ന ഒരു വിളക്കും ആയിക്കൊണ്ട്] (സൂറത്ത് അൽ അഹ്സാബ് 46). അവൻ ഇങ്ങനെയും പറയുന്നു, [ലോകർക്ക് കാരുണ്യമായിക്കൊണ്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല] (സൂറത്ത് അൽ അൻബിയാഅ് 107). നിർമ്മലത്വത്തിന്റെയും പരിശുദ്ധിയുടെയും സുതാര്യതയുടെയും വിനയത്തിന്റെയും സത്യസന്ധതയുടെയും ആത്മാർത്ഥ പരിശ്രമത്തിന്റെയും മാതൃകയാണ് പ്രവാചകന്റെ ജീവചരിത്രം. പ്രിയ മുസ്ലീങ്ങളെ: നിങ്ങൾ ആരെയെങ്കിലും ആദരിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ഇരുപത്തിമൂന്ന് വർഷക്കാലം കൊണ്ട് രാജ്യത്തെ അടിമുടി നവീകരിച്ച ആ മനുഷ്യനെ ആദരിക്കുക. സത്യത്തിൽ എക്കാലത്തെയും മഹാനായ പ്രബോധകനായ നബി തിരുമേനി തന്നെയാണ് വലിയൊരു കൂട്ടം വ്യക്തികളുടെ അന്തസ്സ് ഉയർത്തിപ്പിടിക്കുന്നതിന് മഹത്തായതും മികവുറ്റതുമായ പ്രയത്നങ്ങൾ കൈക്കൊണ്ടത്. ചരിത്രത്തിൽ മറ്റൊന്നിനും കിടപിടിക്കാനാവാത്ത ഈ ഇസ്ലാമിക സംസ്കാരം എങ്ങനെയാണ് നിരക്ഷരനായ പ്രവാചകൻ കെട്ടിപ്പടുത്തത്? മുഹമ്മദ് ഇബ്നു അബ്ദുല്ല എന്ന പ്രവാചകൻ തന്റെ ധർമ്മനിഷ്ഠകൾ രൂപപ്പെടുത്തിയത് പരിശുദ്ധ ഖുറാനെ ഉപജീവിച്ചാണ്, സർവ്വശക്തനായ അല്ലാഹുവാണ് നബിക്ക് വിദ്യാഭ്യാസം പകർന്നുനൽകിയത്. ദുർബലതയുടെയും ഉദാസീനതയുടെയും എല്ലാ നിറങ്ങളും തന്റെ ജീവിതത്തിൽ നിന്ന് നബി തിരുമേനി നീക്കിക്കളഞ്ഞു, അഭിമാനത്തിന്റെയും അന്തസ്സിന്റെയും ധീരതയുടെയും ശൂരത്വത്തിന്റെയും മാതൃക അവൻ ഉയർത്തിപ്പിടിച്ചു. സ്വന്തം കഴിവിനനുസരിച്ച് ജനങ്ങളുടെ ഹൃദയത്തെ [യുക്തിദീക്ഷയോടു കൂടിയും, സദുപദേശം മുഖേനയും രക്ഷിതാവിന്റെ മാർഗത്തിലേക്ക്] തുറന്നു (സൂറത്ത് അൽ നഹ്ൽ 125). അതുകൊണ്ടുതന്നെ, വിശ്വാസികളായ യുവജനത്തിന്റെയും മാതാപിതാക്കളുടെയും വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്നവരുടെയും ധർമ്മനിഷ്ഠരായ സ്ത്രീകളുടെയും ബോധകൻ നബി തിരുമേനിയാണ്.

അല്ലാഹുവിന്റെ ദാസരേ, അല്ലാഹുവിനെ ഭയക്കുക, അല്ലാഹുവിനാൽ തിരഞ്ഞെടുക്കപ്പെട്ടവനും അല്ലാഹുവിന് ഏറ്റവും പ്രിയപ്പെട്ട പ്രവാചകനുമായ നബി തിരുമേനിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പിന്തുടരുക, ജീവിതത്തിന്റെ എല്ലാ വശങ്ങളിലും ആരാധനാപ്രവർത്തികളിലും മറ്റെല്ലാ പ്രവർത്തനങ്ങളിലും അവന്റെ പാത അനുഗമിക്കുക, അവന്റെ ധാർമ്മികതയും നല്ല ധർമ്മനിഷ്ഠകളും ജീവിതത്തിൽ പകർത്തുക. സഹായം ആവശ്യമുള്ളവർക്ക് ദയാപൂർവ്വം അത് ചെയ്തുകൊടുക്കുക, നിങ്ങൾ സമ്പാദിക്കുന്ന പണം പാവപ്പെട്ടവർക്ക് നൽകുക, അവരെ നന്നായി പരിഗണിക്കുക, കാരണം നിങ്ങളുടെ പ്രവാചകന്റെ ഏറ്റവും ആദരണീയമായ ഗുണങ്ങൾ ഇവയൊക്കെയായിരുന്നു. സത്യത്തിൽ, ആവശ്യമുള്ള ആളുകൾക്ക്, കാറ്റിനേക്കാൾ മഹാമനസ്കനായിരുന്നു നബി തിരുമേനി. അല്ലാഹുവിന്റെ ദാസരേ, നിങ്ങളുടെ പ്രവാചകന്റെ ശ്രേഷ്ഠമായ ചില സ്വഭാവവിശേഷതകളാണിവ, അതിനാൽ നിങ്ങൾ അവന്റെ പാത അനുഗമിക്കുകയും അവന്റെ സ്ഥാനത്തെ കുറിച്ച് ബോധവാന്മാരാവുകയും വേണം. [തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്. അതായത്, അല്ലാഹുവെയും അന്ത്യദിനത്തെയും പ്രതീക്ഷിച്ചു കൊണ്ടിരിക്കുകയും, അല്ലാഹുവെ ധാരാളമായി ഓർമിക്കുകയും ചെയ്തു വരുന്നവർക്ക്] (സൂറത്ത് അൽ അഹ്സാബ് 21).

അതിനാൽ, സന്ദേശവാഹകരുടെ നേതാവായ മുഹമ്മദ് നബിയിൽ അങ്ങയുടെ അനുഗ്രഹം ചൊരിയുക, കാരണം വിശുദ്ധ പുസ്തകത്തിൽ അല്ലാഹു ഇങ്ങനെ പറയുന്നു: [തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിയോട് കാരുണ്യം കാണിക്കുന്നു. സത്യവിശ്വാസികളേ,

നിങ്ങൾ അദ്ദേഹത്തിന്റെ മേൽ (അല്ലാഹുവിന്റെ) കാരുണ്യവും ശാന്തിയുമുണ്ടാകാൻ പ്രാർത്ഥിക്കുക] (സൂറത്ത് അൽ അഹ്സാബ് 56)

അല്ലാഹു! അബ്രാഹമിന്റെയും അവന്റെ കുടുംബത്തിന്റെയും മേൽ നീ കരുണ ചൊരിഞ്ഞത് പോലെ മുഹമ്മദിന്റെയും അവന്റെ കുടുംബത്തിന്റെയും മേൽ നീ കരുണ ചൊരിയേണമേ. അബ്രാഹമിന്റെയും അവന്റെ കുടുംബത്തിന്റെയും മേൽ നീ അനുഗ്രഹം ചൊരിഞ്ഞത് പോലെ മുഹമ്മദിന്റെയും അവന്റെ കുടുംബത്തിന്റെയും മേൽ നീ അനുഗ്രഹം ചൊരിയേണമേ. നീ മാത്രമാണ് ആരാധനയ്ക്ക് അർഹനും ഏറ്റവും ശ്രേഷ്ഠനും.

ധർമ്മനിഷ്ഠരായ ഖലീഫയുടെയും അവന്റെ കുടുംബത്തിന്റെയും അനുയായികളുടെയും വിശ്വാസികളുടെയും മേൽ അന്തിമ വിധി ദിവസം വരെയും നീ കരുണ ചൊരിയണേ. ഞങ്ങളിലും കരുണ ചൊരിയണേ. അല്ലാഹു, നീയാണ് ഏറ്റവും ദയാപരൻ.

അല്ലാഹു! ഇവിടെ കൂടിയിരിക്കുന്ന ഞങ്ങളെ അനുഗ്രഹിക്കണേ, ഞങ്ങളെ സമാധാനത്താൽ പ്രസരിപ്പിക്കണേ, പാപത്തിൽ നിന്ന് പരിരക്ഷിക്കണേ, ഞങ്ങളുടെ മതത്തിൽ ഞങ്ങൾക്ക് പോരായ്മകളൊന്നും തോന്നിക്കരുതേ.

അല്ലാഹു! മാർഗ്ഗനിർദ്ദേശവും ഭക്തിയും പരിശുദ്ധിയും ധനവും തന്ന് ഞങ്ങളെ അനുഗ്രഹിക്കണേ.

അല്ലാഹു! സത്യസന്ധമായ നാവും പാപബോധമുള്ളതും വിനയമുള്ളതുമായ ഹൃദയവും ധർമ്മനിഷ്ഠമായ പ്രവൃത്തികളും ഉപയോഗപ്രദമായ അറിവും ഉറച്ചതും പരിശുദ്ധവുമായ വിശ്വാസവും നിയമപരമായ ഉപജീവനമാർഗ്ഗവും തന്ന് ഞങ്ങളിൽ ഓരോരുത്തരെയും അനുഗ്രഹിക്കണേ. അല്ലാഹു, നീ മാത്രമാണ് ഏറ്റവും ശ്രേഷ്ഠനും ബഹുമാന്യനും.

അല്ലാഹു! ഇസ്ലാമിനും മുസ്ലീങ്ങൾക്കും യശസ്സ് തരേണമേ. ഇസ്ലാമിനും മുസ്ലീങ്ങൾക്കും പിന്തുണയും ഐക്യവും നൽകണേ. അല്ലാഹു! സ്വേച്ഛാധിപതികളെയും അവിശ്വാസികളെയും താഴ്ത്തണേ. അല്ലാഹു! ഞങ്ങൾ എല്ലാ ദാസർക്കും സമാധാനവും സുരക്ഷയും നൽകണേ.

അല്ലാഹു! ഞങ്ങളുടെ മാതൃരാജ്യത്തിന് സുരക്ഷിതത്വം നൽകണേ! ഞങ്ങളുടെ മാതൃരാജ്യത്തിൽ ഞങ്ങൾക്ക് നീണ്ട സുരക്ഷയും സ്ഥിരതയും നൽകണേ! ഞങ്ങളുടെ സുൽത്താന് യശസ്സ് നൽകണേ, സത്യ പിന്തുണ നൽകിക്കൊണ്ടും സത്യത്തിലേക്ക് നയിച്ചുകൊണ്ടും ഞങ്ങളുടെ സുൽത്താനെ സഹായിക്കണേ.

അല്ലാഹു! ആകാശത്തിൽ നിങ്ങൾക്കായി മഴയെ അയയ്ക്കണേ, രാത്രിയും പകലും നിന്നെ ഓർക്കുന്നവരായും പ്രഭാതത്തിലും സായാഹ്നത്തിലും നിന്റെ മാപ്പിന് അപേക്ഷിക്കുന്നവരായും ഞങ്ങളെ മാറ്റണേ.

അല്ലാഹു! ആകാശത്തിന്റെ അനുഗ്രഹങ്ങളും ഭൂമിയുടെ ഔദാര്യവും ഞങ്ങളിൽ ചൊരിയണേ. ഞങ്ങളുടെ ഫലങ്ങളും വിളകളും ഞങ്ങളുടെ ഉപജീവനമാർഗ്ഗവും അനുഗ്രഹിക്കണേ. അല്ലാഹു, നീയാണ് ഏറ്റവും ശ്രേഷ്ഠനും ബഹുമാന്യനും.

അല്ലാഹു! ഈ ലോകത്തിലും പരലോകത്തിലും ഞങ്ങൾക്ക് നല്ലത് തരേണമേ, അഗ്നി ശിക്ഷയിൽ നിന്ന് ഞങ്ങളെ പരിരക്ഷിക്കണേ."

നീ നിർദ്ദേശിച്ചതിൽ നിന്ന് ഞങ്ങളുടെ ഹൃദയങ്ങൾ വ്യതിചലിക്കാൻ അനുവദിക്കരുതേ, നിന്റെ കരുണ ഞങ്ങളിൽ ചൊരിയേണമേ, തീർച്ചയായും നീ മാത്രമാണ് അനുഗ്രഹം ചൊരിയുന്നവൻ.

അല്ലാഹു! ഞങ്ങൾ ഞങ്ങളോട് തന്നെ തെറ്റുചെയ്തവരാണ്. നീ മാപ്പ് തരികയും ദയ കാണിക്കുകയും ചെയ്തില്ലെങ്കിൽ ഞങ്ങൾ പരാജിതരാകും."

അല്ലാഹു! ജീവിക്കുന്നവരും മരിച്ചവരുമായ, വിശ്വാസികളായ എല്ലാ പുരുഷന്മാർക്കും സ്ത്രീകൾക്കും മാപ്പ് നൽകണേ. നീ മാത്രമാണ് ഞങ്ങളുടെ പ്രാർത്ഥന കേൾക്കുന്നവനും അനുഗ്രഹങ്ങൾ നൽകുന്നവനും.

അല്ലാഹുവിന്റെ ദാസരേ! [തീർച്ചയായും അല്ലാഹു കൽപിക്കുന്നത് നീതി പാലിക്കുവാനും നന്മ ചെയ്യുവാനും കുടുംബബന്ധമുള്ളവർക്ക് (സഹായം) നൽകുവാനുമാണ്. അവൻ വിലക്കുന്നത് നീചവൃത്തിയിൽ നിന്നും ദുരാചാരത്തിൽ നിന്നും അതിക്രമത്തിൽ നിന്നുമാണ്. നിങ്ങൾ ചിന്തിച്ചു ഗ്രഹിക്കുവാൻ വേണ്ടി അവൻ നിങ്ങൾക്കു ഉപദേശം നൽകുന്നു].